പത്രക്കുറിപ്പ്
19-6-2017

# അയൽക്കൂട്ടങ്ങൾക്കായി കുടുംബശ്രീ സ്കൂൾ

*** 43 ലക്ഷം അംഗങ്ങൾക്കും പരിശീലനം**

തിരുവനന്തപുരം: സംസ്ഥാനത്തെ 43 ലക്ഷം അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയും വ്യക്തിത്വ വികസനവും ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ ആരംഭിക്കുന്നു. അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പദ്ധതി വഴി കുടുംബശ്രീ വനിതകളുടെ ബൗദ്ധിക നിലവാരവും ഇച്ഛാശക്തിയും ഉയർത്തുന്നതിനായി വിവിധ വിഷയങ്ങളിൽ അറിവ് നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്.

സാധാരണ സ്ത്രീകളെ സാമൂഹ്യ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവതികളാക്കുന്നതോടൊപ്പം അവരുടെ ജീവിത നിലവാരം ഉയർത്തി അറിവിന്റെ ആഹ്ളാദം നേടിക്കൊടുക്കുകയാണ് കുടുംബശ്രീ സ്കൂൾ വഴി പ്രധാനമായും ലക്ഷ്യമിടുന്നതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ അറിയിച്ചു.

കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെ അടിത്തറയായ അയൽക്കൂട്ടങ്ങൾക്ക് സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തോടൊപ്പം അവരുടെ വിജ്ഞാന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കുടുംബശ്രീയുടെ പരിശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി. ഇതുപ്രകാരം സ്ത്രീകളുടെ വ്യക്തിത്വ വികസനം, നേതൃത്വപാടവം, അവകാശങ്ങളെ കുറിച്ചുള്ള അറിവ്, സർഗാത്മക വിഷയങ്ങൾ, കാര്യശേഷി വികസനം എന്നിവയിൽ പരിശീലനം നൽകും. പുതിയ പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിന്റെ കാർഷിക സംസ്കൃതിയും തനതുജീവിതശൈലിയും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിഭാവനം ചെയ്യുന്നു.

വിവിധ മേഖലകളിൽ പ്രാഗൽഭ്യം നേടിയ വ്യക്തികളായിരിക്കും സംസ്ഥാനത്തെ അയൽക്കൂട്ട വനിതകൾക്ക് പരിശീലനം നൽകുക. പദ്ധതി നടപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെ സംയോജനവും കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ഉറപ്പു വരുത്തും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ